روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

ഹിദായത്ത്: ഏറ്റവും വലിയ നിധി

sufaraulislam.com

31/12/2021

بسم الله الرحمن الرحيم

- ജീവിതത്തിൽ ഒട്ടേറേ അനുഗ്രഹങ്ങൾ ലഭിച്ചവരാണ് ഞാനും നിങ്ങളും.
- എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ, ഗർഭപാത്രത്തിൽ നിന്ന് തുടങ്ങി (കുടുംബം, വീട്, വാഹനം, ഭാര്യ, ഭക്ഷണം)
- എന്നാൽ അല്ലാഹു നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണ് ഹിദായത്ത്
- കാരണം മറ്റുള്ള അനുഗ്രഹങ്ങൾ നോക്കിക്കഴിഞ്ഞാൽ അതിൽ പ്രത്യക്ഷമായോ പരോക്ഷമായോ മറ്റുള്ളവരുടെ ഇടപെടലുകൾ നമുക്ക് കാണാൻ കഴിയും.
- എന്നാൽ ഹിദായത്ത് അത് ഒരാളുടേയും ഇടപെടലുകൾ കൊണ്ട് ലഭിക്കുന്നതല്ല.
- ഹിദായത്ത് ലഭിക്കാൻ മാനദണ്ഡമാകുന്നത് സമ്പത്തല്ല, സൌന്ദര്യമല്ല, സ്ഥാനമാനങ്ങളല്ല

## ❖ സമ്പത്തല്ല

- മൂസാ നബി (അ) യുടെ കാലത്ത് ജീവിച്ച വ്യക്തിയാണ് ഖാറൂൻ.
- വലിയ സമ്പത്തിന്റെ ഉടമ

إِنَّ قَارُونَ كَانَ مِن قَوْمِ مُوسَىٰ فَبَغَىٰ عَلَيْهِمْ ۖ وَآتَيْنَاهُ مِنَ الْكُنُوزِ مَا إِنَّ مَفَاتِحَهُ لَتَنُوءُ بِالْعُصْبَةِ أُولِي الْقُوَّةِ إِذْ قَالَ لَهُ قَوْمُهُ لَا تَفْرَحْ ۖ إِنَّ اللَّهَ لَا يُحِبُّ الْفَرِحِينَ ﴿القصص: ٧٦﴾

- ഒരു പാട് സമ്പത്ത് ഉണ്ടായിട്ടും ആ മനുഷ്യന് ഹിദായത്ത് ലഭിച്ചില്ലായെന്ന് മാത്രമല്ല അല്ലാഹുവിന്റെ ശിക്ഷയാണ് കിട്ടിയത്

فَخَسَفْنَا بِهِ وَبِدَارِهِ الْأَرْضَ فَمَا كَانَ لَهُ مِن فِئَةٍ يَنصُرُونَهُ مِن دُونِ اللَّهِ وَمَا كَانَ مِنَ الْمُنتَصِرِينَ (٨١/٢٨ )

## ❖ സൗന്ദര്യമല്ല

- നബി (സ്വ) യുടെ പിതൃവ്യൻ അബൂലഹബ്.
- അയാളുടെ ശരിക്കുള്ള നാമം (عبد العزى بن عبد المطلب)
- കാണാൻ നല്ല ഭംഗിയുള്ള വ്യക്തിയായിരുന്നു.
- മുഖത്തിന്റെ ഭംഗി കൊണ്ടാണ് ലഹബ് എന്ന പേര് കിട്ടിയത്.
- വലിയ സൗന്ദര്യം ഉണ്ടായിട്ടും ഹിദായത്ത് കിട്ടിയില്ല.

- ആ മനുഷ്യന്റെ അവസ്ഥ സൂറത്ത് മസദിൽ നമുക്ക് കാണാൻ കഴിയും.

تَبَّتْ يَدَا أَبِي لَهَبٍ وَتَبَّ ﴿١﴾ مَا أَغْنَىٰ عَنْهُ مَالُهُ وَمَا كَسَبَ ﴿٢﴾ سَيَصْلَىٰ نَارًا ذَاتَ لَهَبٍ ﴿٣﴾ وَامْرَأَتُهُ حَمَّالَةَ الْحَطَبِ ﴿٤﴾ فِي جِيدِهَا حَبْلٌ مِّن مَّسَدٍ ﴿٥﴾

## ❖ സ്ഥാനമാനങ്ങളല്ല

**ചില നബിമാരുടെ ഭാര്യമാർക്ക് പോലും ഹിദായത്ത് ലഭിച്ചിട്ടില്ല.**

ضَرَبَ اللَّهُ مَثَلًا لِّلَّذِينَ كَفَرُوا امْرَأَتَ نُوحٍ وَامْرَأَتَ لُوطٍ كَانَتَا تَحْتَ عَبْدَيْنِ مِنْ عِبَادِنَا صَالِحَيْنِ فَخَانَتَاهُمَا فَلَمْ يُغْنِيَا عَنْهُمَا مِنَ اللَّهِ شَيْئًا وَقِيلَ ادْخُلَا النَّارَ مَعَ الدَّاخِلِينَ ﴿التحريم: ١٠﴾

**പ്രവാചകൻ (സ) യുടെ പിതൃവ്യൻ അബൂത്വാലിബ്.**

- എട്ടാമത്തെ വയസ്സ് മുതൽ അമ്പതാമത്തെ വയസ്സ വരെ എല്ലാ സംരക്ഷണവും നൽകി. ശത്രുക്കൾ നബിക്കെതിരെ തിരിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത്.

وَاللهِ لَن يَصِلوا إِلَيكَ بِجَمعِهِم حَتّى أُوَسَّدَ في التُرابِ دَفينا

എന്റെ ശരീരത്തിൽ മണ്ണ് പുരളുന്നത് വരെ നിന്റെ രോമത്തിൽ സ്പർശിക്കാൻ ശത്രുക്കൾക്ക് ആവില്ല.

- അത്രമാത്രം നബി (സ്വ) യെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്ത വ്യക്തി.
- നബി (സ്വ) പറഞ്ഞിട്ടുണ്ട്. അബൂത്വാലിബിന്റെ മരണം വരെ എനിക്ക് ഖുറൈശികളിൽ നിന്നും ഒരു അനർത്ഥവും നേരിടേണ്ടി വന്നിട്ടില്ല.
- അബൂ ത്വാലിബിന്റെ മരണ സമയത്ത് നബി (സ) പറഞ്ഞത് .

قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لِأَبِي طَالِبٍ : يَا عَمِّ، قُلْ لَا إِلَهَ إِلَّا اللَّهُ ؛ كَلِمَةً أَشْهَدُ لَكَ بِهَا عِنْدَ اللَّهِ."

പക്ഷെ അദ്ദേഹം നിരസിച്ചു. പ്രവാചകൻ സങ്കടപ്പെട്ട് ഇറങ്ങി.

إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ وَلَٰكِنَّ اللَّهَ يَهْدِي مَن يَشَاءُ ۚ وَهُوَ أَعْلَمُ بِالْمُهْتَدِينَ ﴿ القصص:٥٦﴾

- ഇബ്രാഹിം നബി (അ) ക്ക് പിതാവിനെ മതത്തിലേക്ക് കൊണ്ടു വരാൻ കഴിഞ്ഞിട്ടില്ല.
- നൂഹ് നബി (അ) തന്റെ മകനെ വിശ്വാസത്തിലേക്ക് കൊണ്ടു വരാൻ കഴിഞ്ഞിട്ടില്ല.
- അപ്പോൾ പ്രവാചകൻമാർക്ക് പോലും ഇടപെടാൻ കഴിയാത്ത വിഷയമാണ് ഹിദായത്ത്.
- അത് കൊണ്ട് സഹോദരങ്ങളെ, ഒരു മനുഷ്യന്റെ സമ്പത്ത് നോക്കിയോ, സൗന്ദര്യം നോക്കിയോ, സ്ഥാനമാനങ്ങൾ നോക്കിയോ ഹിദായത്ത് ലഭിക്കുകയില്ല.

- ഹിദായത്ത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്.

അത് കൊണ്ട് ഈ ഹിദായത്ത് ലഭിച്ച നമ്മൾ റബ്ബിനോട് നന്ദി കാണിക്കണം, അതേ പോലെ ഹിദായത്തിലായി മരിക്കാൻ വേണ്ടി പ്രാർത്ഥിക്കണം.

### ❖ എന്തു കൊണ്ട് നമുക്ക് ലഭിച്ച് ഹിദായത്ത് പ്രസക്തമാവുന്നു?

ഈ മതം മാത്രമേ അല്ലാഹു സ്വീകരിക്കൂ.

﴿ إِنَّ الدِّينَ عِنْدَ اللَّهِ الْإِسْلَامُ ﴾ [آل عمران: ١٩]

﴿ وَمَنْ يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ ﴾ [آل عمران: ٨٥]،

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا [المائدة: ٣]،

﴿ يَا أَيُّهَا الَّذِينَ آمَنُوا ادْخُلُوا فِي السِّلْمِ كَافَّةً ﴾ [البقرة: ٢٠٨]

### ❖ ഹിദായത്ത് നിലനിൽക്കാനുള്ള വഴികൾ.

**1. പ്രാർത്ഥിക്കുക**

ദിവസം പതിനേഴ് തവണ ആവർത്തിച്ച് ഹിദായത്ത് ചോദിക്കാൻ അല്ലാഹു പഠിപ്പിച്ചു.

اهْدِنَا الصِّرَاطَ الْمُسْتَقِيمَ ﴿٦﴾ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ﴿٧﴾

നമസ്കാരത്തിൽ ഈ പ്രാർത്ഥന പ്രാർത്ഥിക്കുമ്പോൾ അല്ലാഹു ഇപ്രകാരം പറയും:

هَذَا لِعَبْدِي وَلِعَبْدِي مَا سَأَلَ

ഇത് എന്റെ അടിമക്കുള്ളതാണ്, അവൻ ചോദിച്ചത് അവനുണ്ട്. (മുസ്‌ലിം)

**ഇബ്നു കഥീർ (റഹി) പറഞ്ഞു:**

സത്യം അന്വേഷിച്ചറിയുകയും, അത് പ്രാവർത്തികമാക്കുകയും ചെയ്യുകയാണ് അനുഗ്രഹീതരുടെ മാർഗം. സത്യം അറിഞ്ഞിട്ടും അത് അനുഷ്ഠാനത്തിൽ വരുത്താതെ പുറം തള്ളിക്കളയുകയാണ് കോപവിധേയരുടെ മാർഗം. സത്യം മനസ്സിലാക്കാതെ സത്യമാർഗം തെറ്റിപ്പോകുന്നതാണ് വഴിപിഴച്ചവരുടെ മാർഗ്ഗം. (തഫ്സീർ ഇബ്നുകസീർ)

**നബി (സ്വ) പഠിപ്പിച്ച മറ്റു പ്രാർത്ഥനകൾ നോക്കൂ.**

اللَّهُمَّ مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ"

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً إِنَّكَ أَنتَ الْوَهَّابُ ﴿آل عمران: ٨﴾

**2. ഹൃദയ വിശാലത**

فَمَنْ يُرِدِ اللَّهُ أَنْ يَهْدِيَهُ يَشْرَحْ صَدْرَهُ لِلْإِسْلَامِ وَمَنْ يُرِدْ أَنْ يُضِلَّهُ يَجْعَلْ صَدْرَهُ ضَيِّقًا حَرَجًا (١٢٥/٦)

ഇസ്ലാമിനെയും അതിന്റെ അദ്ധ്യാപനങ്ങളെയും സ്വീകരിക്കാൻ ഹൃദയം വിശാലമാവുക.

**3. ക്വുർആൻ പാരായണം പതിവാക്കക**

﴿ إِنَّ هَذَا الْقُرْآنَ يَهْدِي لِلَّتِي هِيَ أَقْوَمُ ﴾ (الإسراء: ٩)

﴿ وَنُنَزِّلُ مِنَ الْقُرْآنِ مَا هُوَ شِفَاءٌ وَرَحْمَةٌ لِلْمُؤْمِنِينَ ﴾ (الإسراء: ٨٢)

## ഹിദായത്ത് നഷ്ടപ്പെടുവാനുള്ള കാരണങ്ങൾ

- നമുക്ക് ലഭിച്ച ഹിദായത്ത് നീങ്ങിപ്പോകാം.
- അതു കൊണ്ടാണല്ലോ നബി (സ്വ) ദിനീൽ ഉറപ്പിച്ചു നിർത്തണെ എന്ന പ്രാർത്ഥനകൾ പഠിപ്പിച്ചത്.

**മുജീബ് ബ്നു മൂസ അൽ അസ്ബഹാനി (റഹി) പറഞ്ഞു:**

ഞാൻ സുഫ്യാനു സൗരി (റഹി) യുടെ കൂടെ മക്കയിലേക്കുള്ള യാത്രയിലായിരുന്നു. സുഫ്യാനു സൗരി ധാരാളമായി കരയുന്നുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: “അല്ലയോ അബൂ അബ്ദില്ലാഹ്..! താങ്കളുടെ തിന്മയെ കുറിച്ച് ഭയന്നത് കൊണ്ടാണോ ഇങ്ങനെ കരയുന്നത്...? അപ്പോൾ അദ്ദേഹം തന്റെ വാഹനപ്പുറത്ത് തൂക്കി വെച്ചിരുന്ന ഒരു മരക്കഷ്ണം എടുത്ത് വലിച്ചെറിഞ്ഞു. എന്നിട്ടദ്ദേഹം പറഞ്ഞു: “എന്റെ തിന്മകൾ ഈ (മരക്കഷ്ണത്തെക്കാൾ) എനിക്ക് നിസ്സാരമാണ്. എന്നാൽ ഞാൻ ഭയക്കുന്നത് തൗഹീദ് എന്നിൽ നിന്ന് ഊരിയെടുക്കപ്പെട്ടുമോ എന്ന് മാത്രമാണ്.” (അഖ്ബാറു അസ്വ്ബഹാൻ)

**നബി (സ്വ) യോട് ഉപദേശം ചോദിച്ച വ്യക്തിയോട് പറഞ്ഞത്**

عَنْ عَبْدِ اللَّهِ بنِ عَمْرِو بنِ العاصِ ﷺ: أَنَّ مُعاذَ بْنَ جَبَلٍ أَرَادَ سَفَرًا فَقَالَ : يَا رَسُولَ اللهِ أَوْصِنِي قالَ : أُعْبُدِ اللهَ ولاَ تُشْرِكْ بِهِ شَيْئًا قَالَ : يَا رَسُولَ اللهِ زِدْنِي قالَ : وَإِذَا أَسَأْتَ فَأَحْسِنْ قَالَ : يَا رَسُولَ اللهِ زِدْنِي قَالَ : اِسْتَقِمْ وَلْتُحْسِنْ خُلُقَكَ

അബ്ദുല്ലാഹ് ഇബ്നു അംറി (റ) വിൽ  നിന്നും നിവേദനം. അദ്ദേഹം ഒരു യാത്രക്ക് ഉദ്ദേശിച്ചു. അങ്ങനെ (നബി (സ്വ) യോട്) ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, താങ്കൾ എന്നോട് വസ്വിയ്യത്ത് ചെയ്താലും. നബി (സ്വ) പറഞ്ഞു: നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക, അവനിൽ യാതൊന്നിനേയും പങ്ക് ചേർക്കാതിരിക്കുക. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എനിക്ക് (വസ്വിയ്യത്ത്) വർദ്ധിപ്പിച്ചുതന്നാലും.' നബി (സ്വ)  പറഞ്ഞു: നീ തിന്മ ചെയ്താൽ തുടർന്ന് നന്മചെയ്യുക. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ എനിക്ക്

ഇനിയും (വസ്വിയ്യത്ത്) വർദ്ധിപ്പിച്ചുനൽകിയാലും. നബി(സ്വ) പറഞ്ഞു: നീ നേരെ ചൊവ്വെ ജീവിക്കുക, നിന്റെ സ്വഭാവം നന്നാക്കുക (ഹാകിം)

**1. അക്രമം പ്രവർത്തിക്കുക**

الَّذِينَ آمَنُوا وَلَمْ يَلْبِسُوا إِيمَانَهُمْ بِظُلْمٍ أُولَئِكَ لَهُمُ الْأَمْنُ وَهُمْ مُهْتَدُونَ (الأنعام: ٨٢)

**2. തെമ്മാടിത്തം**

﴿ فَلَمَّا زَاغُوا أَزَاغَ اللَّهُ قُلُوبَهُمْ وَاللَّهُ لَا يَهْدِي الْقَوْمَ الْفَاسِقِينَ ﴾ (الصف: ٥)

- ഹിദായത്ത് നിലനിൽക്കാൻ വേണ്ടി എപ്പോഴും പ്രാർത്ഥിക്കുക
- ഹിദയാത്ത് നഷ്ടമാക്കുന്ന പ്രവർത്തികളിൽനിന്നും മാറി നിൽക്കുക

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

https://sufaraulislam.com/index